(ജി) പ്രവൃത്തി ചെയ്യാത്തതിനാൽ സംഭാവന തുക തിരിച്ചുകിട്ടണമെന്ന രാമലിംഗ അയ്യരുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഐ) പ്രസ്തുത സംഭാവന തുക മുൻ കമ്മിറ്റിക്കാരിൽനിന്നും തിരിച്ചു പിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) വിജിലൻസ് റിപ്പോർട്ട് അനുസരിച്ച് രസീത് നൽകാതെ മുഖമണ്ഡപം ഗ്രാനൈറ്റ് പാകുന്നതിന് ശ്രീ. രാമലിംഗം എന്ന ഭക്തനിൽനിന്നും 10,001 രൂപയും കൂടാതെ ഉത്സവ ദിവസങ്ങളിൽ 1500 രൂപാ വീതം നിത്യപൂജയ്ക്ക് എന്ന പേരിലും ഉപദേശക സമിതി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നുവെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഇ) രസീത് നൽകാതെ പിരിച്ചെടുത്തതായി പറയുന്ന തുക മൊത്തം എത്ര യാണെന്നും ആയതിന്റെ വിനിയോഗവും മറ്റും അക്കൗണ്ട് ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ചും വിശദമായ റിപ്പോർട്ട് തിരുവനന്തപുരം അസിസ്റ്റന്റ് കമ്മീഷണറിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണെന്നും മുൻ ഉപദേശക സമിതിയുടെ കാലത്ത് നടത്തിയിട്ടുള്ള പിരിവുകളെ സംബന്ധിച്ച് വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫൈനാൻസ് ആൻഡ് അക്കൗണ്ട് ആഫീസറെ ചുമതലപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(എഫ്) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയി ച്ചിട്ടുണ്ട്.

(ജി) ലഭിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(എച്ച്) ചോദ്യം 'ഇ'-യുടെ ഉത്തരത്തിൽ വിവരിച്ചിട്ടുണ്ട്.

(ഐ) ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് യുക്തമായ നടപടി സ്വീകരിക്കുന്നതാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

സ്വകാര്യ ദേവസ്വം ജീവനക്കാർക്ക് ആശ്വാസം നൽകുന്നതിന് പദ്ധതി

65 [2034] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ദേവസ്വം ജീവനക്കാർക്ക് ആശ്വാസം നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ ദേവസ്വം ജീവനക്കാരിൽ ഭൂരിഭാഗവും തുച്ഛമായ വേതനം പറ്റി കഴിയുന്നവരാണെന്നത് കണക്കിലെടുത്ത് ഇവരുടെ ക്ഷേമത്തിന് ക്ഷേമനിധി ഏർപ്പെടുത്തുന്നതുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) ഈ മേഖലയിലെ അവശതയനുഭവിക്കുന്നവർക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) സ്വകാര്യ ദേവസ്വം ജീവനക്കാരുടെ ക്ഷേമത്തിനായുള്ള പദ്ധതികളൊന്നും ദേവസ്വം വകുപ്പിന്റെ പരിഗണനയിലില്ല.

ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

66 [2035] ശ്രീ. വി. ഡി. സതീശൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ഡി. സുഗതൻ:
,, കെ. എ. ചന്ദ്രൻ:
,, സി. പി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ മലബാർ പ്രദേശത്തെ ദേവസ്വം ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിന്റെ ആനുകൂല്യം എത്രപേർക്ക് ലഭിക്കും;

(ഡി) ശമ്പള പരിഷ്കരണംമൂലമുണ്ടാകുന്ന അധികചെലവ് എങ്ങനെ സ്വരൂപിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലബാർ പ്രദേശത്തെ ദേവസ്വം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ട് സർക്കാർ 29-6-2004-ലെ ജി. ഒ. (എം.എസ്) 225/2004/ആർഡി പ്രകാരം ഉത്തരവായിട്ടുണ്ട്. അതുപ്രകാരം സ്പെഷ്യൽ ഗ്രേഡ്, എ ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞത് 1000 രൂപയുടേയും ബി, സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 400 രൂപയുടേയും വർദ്ധന പ്രതിമാസം ലഭിക്കുന്നതാണ്. ഇതിന് 1-7-2003 മുതൽ മുൻകാല പ്രാബല്യവും നൽകിയിട്ടുണ്ട്. 15, 25 വർഷം സേവനം പൂർത്തിയാക്കുന്ന പ്രൊമോഷൻ ലഭ്യമല്ലാത്ത ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡും ലഭിക്കുന്നതാണ്.

(സി) ഇതിന്റെ ആനുകൂല്യം ഏകദേശം 4662 പേർക്ക് ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly